**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **13-09-2023 - ൽ മറുപടിയ്ക്ക്**

**എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നിന്നും സംസ്ഥാനത്ത് തൊഴിലാളികൾ ഒഴിവാക്കപ്പെട്ടത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നിന്നും സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്; ഇത് മുൻ വർഷത്തേതിനേക്കാൾ എത്ര ശതമാനം കൂടുതലാണ്; വിശദമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും തൊഴിലാളികളുടെ അഭ്യർത്ഥന പ്രകാരവും 3,54,709 (1,08,111 കുടുംബങ്ങൾ) തൊളിലാളികളെ MIS-ൽ നിന്നും ഡിലീറ്റ് ചെയ്ത് ഒഴിവാക്കിയിട്ടുണ്ട്. 2021-22 വർഷം ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ 1.14% പേരെ ഒഴിവാക്കിയപ്പോൾ 2022-23 വർഷം ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ 5.75% പേരെ ഒഴിവാക്കുകയുണ്ടായി. |
| (ബി) | ഇത്തരത്തിൽ പ്രസ്തുത പദ്ധതിയിൽ നിന്നും തൊഴിലാളികളെ നീക്കം ചെയ്തതിൽ രാജ്യത്ത് എത്രാം സ്ഥാനത്താണ് കേരളം; ഏറ്റവും കൂടുതൽ തൊഴിലാളികൾ ഒഴിവാക്കപ്പെട്ട സംസ്ഥാനങ്ങൾ ഏതൊക്കെയാണ്; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിലാളികളെ ഡിലീറ്റ് ചെയ്തതിൽ രാജ്യത്ത് പതിനെട്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. ഇതിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനങ്ങൾ ഒഡീഷ, ആന്ധ്രാപ്രദേശ്, പുതുച്ചേരി, ബീഹാർ, ബംഗാൾ എന്നിവയാണ്. |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവരിൽ എത്ര ശതമാനം പേരുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്; | (സി) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായ 98.40% സജീവ തൊഴിലാളികളുടെയും ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 40,69,118 കുടുംബങ്ങളിൽ നിന്നായി 60,38,087 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ